# പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

21-03-2012-ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1479

"വാർഷിക പദ്ധതികളുടെ നിർവ്വഹണത്തിലുണ്ടാകുന്ന വീഴ്ചകൾ "

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. വി. ശ്രേയാംസ് കുമാർ | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തിന്റെ വാർഷിക പദ്ധതികളുടെ നിർവ്വഹണത്തിലുണ്ടാകുന്ന വീഴ്ചകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വാർഷിക പദ്ധതികളുടെ നിർവ്വഹണത്തിൽ കാലതാമസം പരിഹരിക്കുന്നതിന് പതിവായി സർക്കാർ തലത്തിൽ അവലോകന യോഗങ്ങൾ നടത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. |
| (ബി) ആസൂത്രണം ചെയ്ത പദ്ധതികൾ യഥാസമയം നടപ്പിലാക്കാൻ സാധിക്കാത്തത് സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നുണ്ടോ; വിശദമാക്കുമോ; | (ബി) ആസൂത്രണം ചെയ്ത പദ്ധതികൾ യഥാസമയം നടപ്പിലാക്കുന്നതിന് മുന്തിയ പരിഗണന എപ്പോഴും നൽകുന്നുണ്ട്. പ്രതികൂലമായി ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) സംസ്ഥാനത്തെ വാർഷിക പദ്ധതികളുടെ നിർവ്വഹണം സമയബന്ധിതമായും കാര്യക്ഷമമായും നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.